# പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2026 ജനുവരി 27, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**മുഖ്യമന്ത്രി**

**ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി**

**ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി**

**തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി**

**മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി**

*1 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി (സി.എം.ഇ.ഡി.പി.)-യുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംരംഭങ്ങൾക്കായി ആകെ എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) സംരംഭകർക്ക് നൽകിവരുന്ന വായ്പയുടെ നിലവിലെ പലിശ നിരക്കും വായ്പാ പരിധിയും എത്രയാണ്; വായ്പ തിരിച്ചടവ് പരിധി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളിൽ എത്ര വനിതാ സംരംഭകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പദ്ധതിയിലൂടെ ഇതിനകം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; കൂടുതൽ പേർക്ക് സംരംഭകത്വവും തൊഴിലും ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

## നഗരനയം രൂപീകരണം

*2 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. എച്ച്. സലാം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തുവർഷത്തിനുള്ളിലുണ്ടായ പശ്ചാത്തല-സാമൂഹ്യ-സാങ്കേതിക വികസനങ്ങളുടെ ഫലമായി സംസ്ഥാനത്ത് അതിവേഗം നഗരവത്കരണം അനിവാര്യമായിരിക്കുന്ന സാഹചര്യം സംജാതമായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേരളത്തിന്റെ ഭാവിവികസനം മുന്നിൽ കണ്ട് രാജ്യത്ത് ആദ്യമായി ഒരു നഗരനയം രൂപീകരിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നഗരനയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗം

*3 **ശ്രീ എം മുകേഷ്**
**ശ്രീ. എം. എം. മണി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (സി എം ഡി ആർ എഫ്) വിനിയോഗം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) 2016-21 ലും 2021-26 ലുമായി സി എം ഡി ആർ എഫ് -ൽ നിന്നും എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും അതിൽ ചികിത്സാ സഹായത്തിനായി മാത്രം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) 2011-16 കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ഡി) സി എം ഡി ആർ എഫ് വിനിയോഗം കൂടുതൽ വേഗതയിലും കാലാനുസൃതമായ പരിഷ്കാരത്തോടെയും നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

## അമൃത് പദ്ധതി

*4 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമൃത് (അടൽ മിഷൻ ഫോർ റെജുവെനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ) പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഇതിനകം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) ഇനിയും പൂർത്തിയാക്കാനുള്ള മറ്റ് പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## <u>കൊച്ചി ജലമെട്രോ പദ്ധതി</u>

*5 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ജലമെട്രോ ഇതിനകം ആഗോള ശ്രദ്ധയാകർഷിച്ചിട്ടുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) കൊച്ചി ജലമെട്രോ മാതൃകയിൽ ജലഗതാഗത മാർഗ്ഗങ്ങൾ ഒരുക്കുവാൻ പിന്തുണ ആവശ്യപ്പെട്ട് വിവിധ സംസ്ഥാന സർക്കാരുകളും രാജ്യങ്ങളും സമീപിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) മുംബൈ അടക്കമുള്ള ഏതെല്ലാം നഗരങ്ങളിൽ നിന്നുമാണ് ജലമെട്രോ സാധ്യതാപഠനത്തിനായി കൊച്ചി ജലമെട്രോ ലിമിറ്റഡിനെ സമീപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയും അടങ്ങുന്ന വൈവിധ്യപൂർണ്ണമായ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുമുള്ള കണ്ണിയായി മാറുന്നതിനും മട്ടാഞ്ചേരി ജലമെട്രോ പദ്ധതിക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) കൊച്ചി ജലമെട്രോയുടെ വികസനത്തിന്റെ ഭാഗമായി ഏതെല്ലാം ടെർമിനലുകളുടെ പ്രവർത്തനങ്ങളാണ് പുരോഗമിച്ചു വരുന്നതെന്ന് അറിയിക്കാമോ; പ്രവൃത്തികൾ ഓരോന്നും എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## <u>അവയവമാറ്റ ശസ്ത്രക്രിയകൾ</u>

*6 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വൻകിട സ്വകാര്യ ആശുപത്രികളിൽ മാത്രം നടത്തിവന്നിരുന്ന അവയവമാറ്റ ശസ്ത്രക്രിയകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സർക്കാർ ആശുപത്രികളിലാണ് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിന് ആവശ്യമായ പശ്ചാത്തല-സാങ്കേതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളതെന്ന വിവരം ലഭ്യമാണോ; അറിയിക്കാമോ;

(സി) നിലവിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ഏതെല്ലാം അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിവരുന്നുണ്ടെന്നുള്ള വിവരം ലഭ്യമാണോ; അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും അവയവമാറ്റ ശസ്ത്രക്രിയകൾ വ്യാപിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വിശദമാക്കാമോ?

## <u>സാന്ത്വന പരിചരണം</u>

*7 **ശ്രീ. മുരളി പെരുനെല്ലി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ രംഗത്ത് എല്ലാ കിടപ്പുരോഗികൾക്കും പരിചരണം ഉറപ്പാക്കി സമഗ്ര സാന്ത്വന പരിപാലന മാതൃക സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) പ്രസ്തുത മാതൃക വിജയകരമായി നടപ്പാക്കുന്നതിലൂടെ ലോകാരോഗ്യ സംഘടനയുടെ അഭിനന്ദനത്തിന് അർഹമാകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ കിടപ്പുരോഗികൾക്ക് കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സാർവ്വത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും കേരള കെയർ പാലിയേറ്റീവ് പരിചരണ പദ്ധതിയും കേരള കെയർ പാലിയേറ്റീവ് ശൃംഖലയും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) നവകേരള കർമ്മ പദ്ധതി രണ്ടിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന സമഗ്ര പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്തെ പാലിയേറ്റീവ്-സാന്ത്വന പരിചരണ മേഖലയെ കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## ഐ.ടി. വ്യവസായ മേഖലയിലെ നേട്ടങ്ങൾ

*8 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2016 മുതൽ 2026 വരെയുള്ള കാലയളവിൽ ഐ.ടി. മേഖലയിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) തിരുവനന്തപുരം ഇൻഫോപാർക്കിൽ ഈ കാലയളവിൽ എന്തെല്ലാം പശ്ചാത്തല വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ എത്ര ചതുരശ്ര അടി സ്ഥലം ഇതിനകം ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കൊച്ചി ഇൻഫോപാർക്കിലും കോഴിക്കോട് സൈബർ പാർക്കിലും അടിസ്ഥാന വികസനത്തിന്റെ ഭാഗമായി എത്ര ചതുരശ്ര അടി കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(എഫ്) അതിലൂടെ പ്രത്യക്ഷമായും പരോക്ഷമായും എത്ര തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

## ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണം കാണാതായതുമായി ബന്ധപ്പെട്ട അന്വേഷണം

*9 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട കേസിൽ മുൻ ദേവസ്വം മന്ത്രിയെ അന്വേഷണ സംഘം ചോദ്യം ചെയ്തിരുന്നോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കേസിൽ അറസ്റ്റിലായവരുടെ മൊഴിയുടെ അടിസ്ഥാനത്തിലാണോ മുൻ ദേവസ്വം മന്ത്രിയെ ചോദ്യം ചെയ്തതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേസിൽ മുൻ ദേവസ്വം മന്ത്രിയെ അന്വേഷണ സംഘം ചോദ്യം ചെയ്തശേഷം കൈക്കൊണ്ടിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>സംസ്ഥാനത്തെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ</u>**

*10 **ശ്രീ. കെ. ആൻസലൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിലൂടെ സംസ്ഥാനം കൈവരിച്ച നേട്ടം രാജ്യത്തിനു തന്നെ മാതൃകയാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടത് എന്നാണെന്നും ആയതിന്റെ സമയബന്ധിതമായ നടത്തിപ്പിനായി എന്തെല്ലാം പ്രാഥമിക പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ;

(സി) വിവിധ തരത്തിലുള്ള ക്ലേശഘടകങ്ങൾ കണ്ടെത്തുന്നതിനായി നടപ്പിലാക്കിയ സർവ്വെകളുടെയും വകുപ്പുകളുടെ ഏകോപനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനം അതിദാരിദ്ര്യ വിമുക്തമായി തുടരുന്നു എന്ന് ഉറപ്പാക്കാൻ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

**<u>ലോക കേരള സഭ</u>**

*11 **ശ്രീ എം രാജഗോപാലൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ സുരക്ഷയും കരുതലും ഉറപ്പാക്കുന്നതിന് ലോക കേരള സഭ എന്ന ആശയം എത്ര മാത്രം സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) ഇതുവരെ സംഘടിപ്പിക്കപ്പെട്ട ലോക കേരള സഭകളിൽ ഏതെല്ലാം രാജ്യങ്ങളിലെ പ്രവാസികളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ലോക കേരള സഭകളിൽ നിന്നും ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും എന്തെല്ലാമാണെന്നും അവ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിക്കാമോ?

**<u>സപ്ലൈകോ ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക ചന്തകളുടെ പ്രവർത്തനങ്ങൾ</u>**

*12 **ശ്രീ ഡി കെ മുരളി**

**ശ്രീ. എ. പ്രഭാകരൻ**

**ശ്രീ. എം.വിജിൻ**

**ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസ്-പുതുവത്സരത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് ന്യായവിലയിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ സപ്ലൈകോ ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക ചന്തകളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സപ്ലൈകോ ചന്ത വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും നിയോജക മണ്ഡലങ്ങളിലും സപ്ലൈകോയുടെ പ്രത്യേക ഉത്സവകാല ചന്തകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണി ഇടപെടൽ നടത്തുന്നതിലും സപ്ലൈകോ ചന്തകൾ വഹിച്ച പങ്ക് വിശദമാക്കാമോ?

## <u>ശബരിമല സ്വർണ്ണകേസുമായി ബന്ധപ്പെട്ട അന്വേഷണം</u>

*13 **ശ്രീ. ടി. സിദ്ദിഖ്**

**ശ്രീ. എ. പി. അനിൽ കുമാർ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രത്തിലെ സ്വർണ്ണകേസുമായി ബന്ധപ്പെട്ട് മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്തിനെ അന്വേഷണ സംഘം ചോദ്യം ചെയ്തിരുന്നോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായവരുടെ മൊഴിയുടെ അടിസ്ഥാനത്തിലാണോ തെളിവുകളുടെ അടിസ്ഥാനത്തിലാണോ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റിനെ അന്വേഷണ സംഘം ചോദ്യം ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസിൽ മുൻ ദേവസ്വം ബോർഡ് പ്രസിഡന്റിനെ അന്വേഷണ സംഘം ചോദ്യം ചെയ്ത ശേഷം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം</u>

*14 **ശ്രീമതി ഒ എസ് അംബിക**

**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**

**ശ്രീ വി ജോയി**

**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ അഭിമാനമായി മാറിയ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ഇതുവരെ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ലോക മാരിടൈം ഭൂപടത്തിൽ അടയാളപ്പെടുത്താൻ കഴിയും വിധം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഒരു വർഷക്കാലത്തിനുള്ളിൽ ചെയ്യാൻ കഴിഞ്ഞിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ട്രാൻസ്ഷിപ്പ്മെന്റിനൊപ്പം ഗേറ്റ് വേ ചരക്കുനീക്കം കൂടി തുടങ്ങുവാനുള്ള പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിന് ഉതകുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## വിഷൻ 2031

*15 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ കഴിഞ്ഞകാല വളർച്ചയെ സമഗ്രമായി വിലയിരുത്തി ഭാവി വികസന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളം 2031-ൽ എങ്ങനെയാകണമെന്ന വിപുലമായ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും ആശയങ്ങൾ ശേഖരിക്കുന്നതിനുമായി വിഷൻ 2031 എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2031-ൽ വിവിധ മേഖലകളിൽ കൈവരിക്കേണ്ട വികസന-ശാക്തീകരണ പദ്ധതികൾ, നൂതന സമീപനങ്ങൾ എന്നിവയെക്കുറിച്ച് നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും വിശദമായ കർമപദ്ധതി തയ്യാറാക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ പത്തു വർഷങ്ങളിൽ സർക്കാർ നടപ്പിലാക്കിയ വികസന പദ്ധതികളുടെ ഒരു വിലയിരുത്തലായും നവകേരള സദസ്സിന്റെ തുടർച്ചയായും പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നേരിട്ട് സമാഹരിച്ച് ഭാവി വികസന പരിപാടികൾ ആവിഷ്കരിക്കുന്നതിനു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## ശബരിമലയിൽ നിന്നും നഷ്ടപ്പെട്ട സ്വർണ്ണം വീണ്ടെടുക്കാൻ നടപടി

*16 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തു നിന്നും നഷ്ടപ്പെട്ട സ്വർണ്ണത്തിന്റെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിൽ എത്രമാത്രം സ്വർണ്ണം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(സി) നഷ്ടപ്പെട്ട സ്വർണ്ണം ആർക്കൊക്കെയാണ് വിറ്റതെന്ന് കണ്ടെത്തിയിട്ടുണ്ടോ; അവ വീണ്ടെടുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വ്യക്തമാക്കാമോ?

<u>**ചികിത്സാ പിഴവിനെ തുടർന്ന് കൈ മുറിച്ചു മാറ്റിയ സംഭവം**</u>

*17 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിലെ ചികിത്സാ പിഴവിനെ തുടർന്ന് പല്ലശ്ശന സ്വദേശിനിയായ ഒൻപത് വയസ്സുകാരിയുടെ കൈ മുറിച്ചു മാറ്റിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഈ സംഭവത്തിലെ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>**സർക്കാർ ആശുപത്രികളുടെ പ്രവർത്തന മികവ്**</u>

*18 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ ചികിത്സാമേഖലയിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തന മികവ് ദേശീയ ശ്രദ്ധ നേടാൻ സഹായകരമായിട്ടുണ്ടോ;

(ബി) ആരോഗ്യ പരിചരണത്തിലും പോഷകാഹാര ലഭ്യതയിലും കേരളം മുന്നിലാണെന്ന് ദേശീയ സാമൂഹ്യ പുരോഗതി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം സർക്കാർ ആശുപത്രികൾക്കാണ് ലക്ഷ്യ സർട്ടിഫിക്കേഷനും മുസ്കാൻ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സർട്ടിഫിക്കേഷൻ ലഭിക്കുന്നതിലേയ്ക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വിശദമാക്കാമോ?

<u>**ജയിൽ തടവുകാരുടെ വേതന വർധനവ്**</u>

*19 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ തടവുകാരുടെ വേതനം 530 മുതൽ 620 രൂപ വരെ ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(ബി) തടവുകാരുടെ വേതനം ക്രമാതീതമായി ഉയർത്തിയതിന് കാരണം വ്യക്തമാക്കാമോ;

(സി) തടവുകാർക്ക് നിലവിൽ ഇൻസെന്റീവ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടോ; വിശദമാക്കാമോ?

**<u>തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിനെ തുടർന്ന് നടന്ന അക്രമ സംഭവങ്ങൾ</u>**

*20 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ് ഫലത്തെ തുടർന്ന് പയ്യന്നൂരിലും പാനൂരിലും ഉൾപ്പെടെ കൈബോംബുകളും വടിവാളുമായി ഭരണകക്ഷി അനുകൂല പ്രവർത്തകർ ആക്രമണം നടത്തിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ പിണറായിയിൽ ബോംബ് പൊട്ടി യുവാവിന്റെ കൈപ്പത്തി അറ്റു പോയതടക്കമുള്ള സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പയ്യന്നൂരിൽ ഗാന്ധി പ്രതിമ അടിച്ചു തകർത്തവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>കേരള പോലീസിന്റെ കൗൺസിലിംഗ് സേവനങ്ങൾ</u>**

*21 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഏറ്റവും മികച്ച നിയമപാലനവും കുറ്റാന്വേഷണവും നടത്തുന്നതോടൊപ്പം കേരള പോലീസ് നടത്തിവരുന്ന കാരുണ്യ പ്രവർത്തനങ്ങളും സാമൂഹ്യ ഇടപെടലുകളും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള പോലീസ് കൗൺസിലിംഗ് സേവനങ്ങൾ നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം പ്രശ്നങ്ങൾ നേരിടുന്നവർക്കാണ് കൗൺസിലിംഗ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ പോലീസ് സേന നൽകിവരുന്ന വിവിധ കൗൺസിലിംഗുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ വിവിധ കൗൺസിലിംഗ് സേവനങ്ങൾ ഓരോന്നും എത്ര പേർ വീതം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; അറിയിക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തന പുരോഗതി

*22 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ വി ജോയി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ അഭിമാന വൻകിട പദ്ധതികളിൽ ഒന്നായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം നിർമ്മാണ-വികസന പ്രവർത്തനങ്ങൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ വലിയ കുതിച്ചുചാട്ടമുണ്ടാകാനിടയുണ്ടെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വിഴിഞ്ഞം തുറമുഖത്ത് നിലവിൽ എത്ര കപ്പലുകൾ എത്തിച്ചേർന്നിട്ടുണ്ടെന്നും എത്ര കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പം റോഡു മാർഗ്ഗമുള്ള ചരക്കുനീക്കവും റെയിൽ കണക്ടിവിറ്റിയും യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ് പദ്ധതി

*23 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിൽ നിന്നും അഴിമതി തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഓപ്പറേഷൻ സ്പോട്ട് ട്രാപ്പിലൂടെ ഇതിനകം പിടികൂടിയ ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ജീവനക്കാരിലെ ഏതെല്ലാം തരത്തിലുള്ള അഴിമതിയാണ് കണ്ടെത്തിയിട്ടുള്ളതെന്നും എത്രപേർക്കെതിരെയാണ് നിയമ

നടപടികൾ കൈക്കൊണ്ടിട്ടുള്ളതെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ വിജിലൻസ് നടത്തിവരുന്ന മിന്നൽ പരിശോധനകളിൽ അധികപിഴ, റോയൽറ്റി, പെനാൽറ്റി, നികുതി തുടങ്ങിയ ഇനങ്ങളിൽ എത്ര തുക ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഇ) സർക്കാർ ജീവനക്കാരിലെ അഴിമതി കണ്ടെത്തുന്നതിനും കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

**<u>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സ കിട്ടാതെ രോഗി മരണപ്പെട്ട സംഭവം</u>**

*24 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തര ആൻജിയോഗ്രാമിന് വേണ്ടി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച പൻമന സ്വദേശിയായ വേണു അഞ്ച് ദിവസം ആശുപത്രിയിൽ കിടന്ന് ശരിയായ ചികിത്സ ലഭിക്കാതെ മരണത്തിന് കീഴടങ്ങിയ സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തൽ എന്തൊക്കെയായിരുന്നുവെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) വേണുവിന്റെ കുടുംബത്തിന് സർക്കാർ സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ?

**<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>**

*25 **ശ്രീ വി ശശി**
**ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ ഇന്ത്യയുടെ സാമൂഹിക, സാമ്പത്തിക ഘടനയിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ വികസിത് ഭാരത്- ഗ്യാരന്റി ഫോർ റോസ്ഗാർ ആന്റ് അജീവിക മിഷൻ (ഗ്രാമീൺ) എന്ന പുതിയ പേരിൽ തൊഴിലുറപ്പ് പദ്ധതി പുനഃസംഘടിപ്പിക്കുന്നതിന്റെ രാഷ്ട്രീയപരവും സാമ്പത്തികപരവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ദുർബ്ബലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ കേന്ദ്ര സർക്കാർ തുടർച്ചയായി നടത്തിവരികയായിരുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കാവുന്ന എല്ലാ പ്രവൃത്തികളും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താമോ; വിശദമാക്കാമോ?

## ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

*26 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത പ്രവർത്തനസജ്ജമാകുന്നതോടെ വിഴിഞ്ഞം തുറമുഖത്തുനിന്നുമുള്ള ചരക്കു നീക്കത്തിന് സഹായകരമാകുമെന്നും, സംസ്ഥാനത്തെ ഗതാഗത-ടൂറിസം മേഖലകളിൽ വലിയ കുതിപ്പുണ്ടാക്കുവാൻ കഴിയുമെന്നുമുള്ള വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) എത്ര റീച്ചുകളിലായാണ് ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്നും ഓരോ റീച്ചിന്റെയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് ദേശീയ ജലപാത കടന്നുപോകുന്നതെന്നും എവിടെയെല്ലാം പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഇതിനകം നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്ന ഏതെല്ലാം റീച്ചുകൾ ഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

## മുൻഗണനാ റേഷൻ കാർഡ് അനുവദിക്കാൻ നടപടി

*27 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി പ്രതിമാസം ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുൻഗണനാ കാർഡുകൾ അനുവദിക്കുന്ന കാര്യത്തിലും കാർഡുകൾ തരം മാറ്റി നൽകുന്ന കാര്യത്തിലുമുള്ള പുരോഗതി വ്യക്തമാക്കുമോ;

(സി) അനർഹരായവരെ മുൻഗണനാ റേഷൻ കാർഡ് വിഭാഗത്തിൽ നിന്നും ഒഴിവാക്കുവാൻ സ്വീകരിച്ച പ്രത്യേക നടപടികൾ വിശദമാക്കുമോ; ഈ ഇനത്തിൽ പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## സഞ്ചരിക്കുന്ന റേഷൻ കടകൾ

*28 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മലയോര മേഖലകളിലും അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിലും റേഷൻ വിതരണം സുഗമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സഞ്ചരിക്കുന്ന റേഷൻ കടകൾ എന്ന പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സാ സൗകര്യങ്ങൾ

*29 **ശ്രീമതി ദെലീമ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ രാജ്യത്തിനു തന്നെ മാതൃകയാകാൻ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ;

(ബി) 2011-16 കാലയളവിൽ സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയിൽ വിവിധ പദ്ധതികളിലായി നടപ്പാക്കിയ സൗജന്യ ചികിത്സയുടെ വിശദാംശം ലഭ്യമാണോ; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) 2016-21, 2021-26 എന്നീ കാലയളവുകളിൽ ഈ ഇനത്തിൽ സർക്കാർ നടപ്പാക്കിയ സൗജന്യ ചികിത്സയുടെയും അതിനായി ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാണോ; അറിയിക്കാമോ;

(ഡി) നടപ്പു സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിയ സൗജന്യ ചികിത്സാ പദ്ധതി ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോഴും സംസ്ഥാനത്തെ സൗജന്യ ചികിത്സാ പദ്ധതികൾ തുടരുന്നതിനും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ദേശീയ ജലപാത നിർമ്മാണവും വിനോദ സഞ്ചാര വികസനവും</u>**

*30 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന ദേശീയ ജലപാത ഭാവിയിൽ കേരളത്തിന്റെ അഭിമാന പദ്ധതികളിൽ ഒന്നായിത്തീരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഏതെല്ലാം റീച്ചുകളിലെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്നും മറ്റു റീച്ചുകളിലെ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ;

(സി) ദേശീയ ജലപാത പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടെ ജലഗതാഗത-വിനോദസഞ്ചാര മേഖലകളിൽ ഏതെല്ലാം തരത്തിലുള്ള വികസന സാധ്യതകളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, സംസ്ഥാനത്തെ മറ്റു തുറമുഖങ്ങൾ എന്നിവയുമായി ദേശീയ ജലപാതയെ ബന്ധിപ്പിച്ചുകൊണ്ടുള്ള വിനോദ സഞ്ചാര വികസനത്തിനും വിവര സാങ്കേതിക വിദ്യ അടക്കമുള്ള വ്യാവസായിക വികസനത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ജനുവരി 18, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].